


## സെന്റ് ആൻസ് അഡോറേഷൻ കോൺവെന്റ് കോടിക്കുളം

സ്ഥാപനം : 1948

ഇടവകയുടെ സമഗ്രവികസനത്തിന് സഹകരിക്കാനായി അന്നത്തെ വികാരി ബ. ജേക്കബ്ബ് തേവർപാടം അച്ചന്റെ താല്പര്യ പ്രകാരം 1948 സെപ്റ്റംബർ 14-ന് ആരാധനാമഠത്തിന്റെ ഒരു ശാഖ കോടിക്കുളം പള്ളിവക കെട്ടിടത്തിലാരംഭിച്ചു. പള്ളിയോടടുത്ത് വാങ്ങിച്ച സ്ഥലത്ത് പണി പൂർത്തിയാക്കിയ ഒരു കെട്ടിടത്തിലേയ്ക്ക് 1960 ഏപ്രിൽ 24-ന് സ്ഥലം മാറ്റി. ഈ കെട്ടിടം താമസയോഗ്യമല്ലാതായപ്പോൾ 2009-ൽ പുതുക്കിപ്പണിതു. വിദ്യാഭ്യാസ മേഖലയിലും ഇടവകപ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. ഇന്ന് നിത്യാരാധന നടത്തുന്ന ഒരു ഭവനമാണിത്. ഇപ്പോൾ 6 ആസ്പിരൻസ് ഇവിടെ പരിശീലനം നേടി വരുന്നു